**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യവകുപ്പ്- നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി-ചിറ്റൂർ നിയോജകമണ്ഡലം- ചിറ്റൂർ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം- പ്രവൃത്തിക്ക് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ) നം .8919/2018/ധന. തീയതി, തിരുവനന്തപുരം, ഒക്ടോബർ 30,2018**

പരാമർശം : 1. 04/08/2018 ലെ സ.ഉ(അ) നം.119/2018/ധന. ഉത്തരവ്

2. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് ശ്രീ.കെ.കൃഷ്ണൻകുട്ടി ,എം.എൽ.എ 09/10/2018 ന് നൽകിയ കത്ത്.

**<u>ഉത്തരവ്</u>**

ചിറ്റൂർ നിയോജകമണ്ഡലത്തിലെ ചിറ്റൂർ തത്തമംഗലം നഗരസഭാ പരിധിയിലുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ചിറ്റൂർ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി എം.എൽ.എ മാരുടെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ നിന്നും തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ.കെ.കൃഷ്ണൻകുട്ടി എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ മേൽ പ്രസ്താവിച്ച പ്രവൃത്തിയ്ക്ക് ശ്രീ.കെ.കൃഷ്ണൻകുട്ടി എം.എൽ.എ-യുടെ 2018-19 സാമ്പത്തിക വർഷത്തിലെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 10 ലക്ഷം രൂപ വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത് കുമാർ എ.**
**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ശ്രീ.കെ.കൃഷ്ണൻകുട്ടി എം.എൽ.എ, എഴുത്താണികളം,വിളയോടി പി.ഒ,ചിറ്റൂർ,പാലക്കാട്-678101
ജില്ലാ കളക്ടർ, പാലക്കാട്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം: എൻ.സി.സി. 2/48/2018-ധന)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**